കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ : PRAKASH.B.S)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്-സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടിക്ക് തിരഞ്ഞെടുപ്പ് ചിഹ്നമായി കുട അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരമാർശം:- 1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ 19.09.2025 തീയതിയിലെ F.No.56/Delisting/2025/PPS-III നമ്പർ ഉത്തരവ്.

2.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.11.2025 തീയതിയിലെ 58/2025/സം.തി.ക നമ്പർ വിജ്ഞാപനം.

3.W.P(C) No.43658/2025 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 20.11.2025 തീയതി വിധിന്യായം.

4. സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടി, സംസ്ഥാന ജനറൽ സെക്രട്ടറിയുടെ 22.11.2025 തീയതിയിലെ കത്ത്.

ഉത്തരവ് നം.B3/288/2025-SEC തീയതി: **22-11-2025**

**ഉത്തരവ്**

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച നിഷ്-ക്രിയ രാഷ്ട്രീയ പാർട്ടികളുടെ (De-listed Political Parties) പട്ടികയിൽ സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടിയും ഉൾപ്പെട്ടതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരാമർശം (2) വിജ്ഞാപനത്തിൽ പ്രസ്തുത രാഷ്ട്രീയ പാർട്ടിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉൾപ്പെടുത്തിയിരുന്നില്ല. അതിനെതിരെ സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടി, ജനറൽ സെക്രട്ടറി ബഹു.കേരള ഹൈക്കോടതിയിൽ W.P(C) No.43658/2025 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ (പരാമർശം (1)) ഉത്തരവിലെ നിഷ്-ക്രിയ രാഷ്ട്രീയ പാർട്ടികളുടെ (De-listed Political Parties) പട്ടികയിൽ നിന്നും സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടിയെ താൽകാലികമായി മാറ്റിക്കൊണ്ടും പ്രസ്തുത രാഷ്ട്രീയ പാർട്ടിയുടെ സ്ഥാനാർത്ഥികളെ തദ്ദേശ പൊതു തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ യോഗ്യരാക്കിക്കൊണ്ടും അവർ ആവശ്യപ്പെടുന്ന ചിഹ്നം മറ്റൊരു രാഷ്ട്രീയ പാർട്ടിക്കും അനുവദിച്ചിട്ടില്ലെങ്കിൽ അനുവദിക്കാനും പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി ഇടക്കാല വിധി പുറപ്പെടുവിച്ചിരുന്നു.

മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 2025ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി സെക്യുലർ നാഷണൽ

ദ്രാവിഡ പാർട്ടി (SNDP) യുടെ സ്ഥാനാർത്ഥികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ "കുട" (Umbrella) ചിഹ്നം അനുവദിക്കാനായി സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി പരമാർശം (4) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അപേക്ഷ സമർപ്പിച്ചിരുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മേൽപ്പറഞ്ഞ അപേക്ഷ വിശദമായി പരിശോധിച്ചു. 21.06.2017 ൽ 57/2017-SEC നമ്പറായി പുറപ്പെടുവിച്ച The Local Authorities Election Symbols (Reservation and Allotment) Order, 2017 വിജ്ഞാപനത്തിലെ ഖണ്ഡം 5 - പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, സൂചന (2) വിജ്ഞാപനത്തിലെ നാലാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രമ നമ്പർ 6 9 "കുട" (Umbrella) ചിഹ്നം മുൻഗണനാക്രമത്തിൽ സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടി (SNDP)ക്ക് അനുവദിച്ചുകൊണ്ടും അപ്രകാരം W.P(C) No.43658/2025 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 20.11.2025 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Signed by
Prakash B S
Date: 22-11-2025 17:20:59

PRAKASH.B.S
SECRETARY

സ്റ്റാൻഡിംഗ് കൗൺസിൽ, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരള ഹൈക്കോടതി (advdeepulalmohan@gmail.com)

സംസ്ഥാന ജനറൽ സെക്രട്ടറി, സെക്യുലർ നാഷണൽ ദ്രാവിഡ പാർട്ടി, കടക്കാവൂർ ഗാർഡൻസ്, ഉമ്പാറ നഗർ, മുണ്ടക്കൽ, കൊല്ലം-691 001.

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തരം) എല്ലാ നോഡൽ ഓഫീസർമാർക്കും/എല്ലാ സെക്ഷനുകൾക്കും

ഐ.ടി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കമ്മീഷണറുടെ പി.എസ്

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ